# കേരള സർവകലാശാല

നം. പി.ആർ.079/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷകേന്ദ്രം

കേരള സർവകലാശാല ഏപ്രിലിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (2012 അഡ്മിഷൻകാർക്ക് മാത്രം) പരീക്ഷക്ക് വേണ്ടി ചേർത്തല എസ്.എൻ കോളേജ്, ആലപ്പുഴ യു.ഐ.ടി എന്നിവ പരീക്ഷകേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ യു.ഐ.ടിയിലും മുളങ്കാടകം യു.ഐ.ടി, അടൂർ കെ.വി.വി.എസ്, കുണ്ടറ സി.എ.എസ് (ഐ.എച്ച്.ആർ.ഡി.) എന്നിവ പരീക്ഷകേന്ദ്രമായി അപേക്ഷിച്ചവർ മുളങ്കാടകം യു.ഐ.ടിയിലും കാര്യവട്ടം ഗവ. കോളേജ്, അമ്പലത്തറ നാഷണൽ കോളേജ്, തോന്നയ്ക്കൽ എ.ജെ. കോളേജ് എന്നിവ പരീക്ഷകേന്ദ്രമായി അപേക്ഷിച്ചവർ തിരുവനന്തപുരം കുറവൻകോണം യു.ഐ.ടിയിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റ് പരീക്ഷ എഴുതുന്ന കേന്ദ്രങ്ങളിൽ നിന്നും കൈപറ്റേണ്ടതാണ്.

### സർട്ടിഫിക്കറ്റ് ഇൻ സോഫ്റ്റ്സ്കിൽസ് ആന്റ് പേഴ്സണാലിറ്റി ഡെവലപ്മെന്റ്: തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ സോഫ്റ്റ്സ്കിൽസ് ആന്റ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് കോഴ്സിന് അപേക്ഷിക്കാനുള്ള തീയതി നീട്ടി. അപേക്ഷിക്കാനുള്ള അവസാന തീയതി ഏപ്രിൽ 17. കോഴ്സ് ദൈർഘ്യം 100 മണിക്കൂർ. യോഗ്യത പ്ലസ് ടു/പ്രി ഡിഗ്രി ജയം. അപേക്ഷ ഫീസ് 100 രൂപ. ഫീസ് 6000 രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:0471 2302523.

### സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ ഈവനിങ് ബാച്ച് -തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (ഈവനിങ് ബാച്ച്) കോഴ്സിന് അപേക്ഷിക്കാനുള്ള തീയതി നീട്ടി. അവസാന തീയതി ഏപ്രിൽ 17. യോഗ്യത പ്ലസ് ടു/പ്രി ഡിഗ്രി ജയം. ഫീസ് 6000 രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസുകൾ തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക ഫോൺ: 0471-2302523.

### എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ (ത്രിവത്സരം), ഏഴാം സെമസ്റ്റർ (പഞ്ചവത്സരം) (2011-12-ന് മുമ്പുള്ള അഡ്മിഷൻ - കോമൺ ഫോർ മേഴ്സി ചാൻസ്) എൽ.എൽ.ബി പരീക്ഷകൾ ഏപ്രിൽ 17-ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ഫലം

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് & കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരീക്ഷയുടെ (2013 മുമ്പുള്ള അഡ്മിഷൻ) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഫങ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫങ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന്റെ അപേക്ഷാ തീയതി നീട്ടി. യോഗ്യത പ്ലസ് ടു/പ്രിഡിഗ്രി ജയം. കോഴ്സ് ദൈർഘ്യം ആറ് മാസം. ഫീസ് 6000 രൂപ. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി ഏപ്രിൽ 17. വിശദ വിവരങ്ങൾക്ക് ഫോൺ: 0471–2302523

തിരുവനന്തപുരം.
10.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098